**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134** **30-06-2026-ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

**മറുപടി:** കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനുമായി കേരള കർഷക ക്ഷേമനിധി രൂപീകരിച്ച് കേരള കർഷക ക്ഷേമനിധി ആക്ട് - 2019 ഡിസംബർ 20 ന് നിലവിൽ വന്നു. 2020 ഒക്ടോബർ 14 ൽ പ്രസ്തുത ആക്ടിന്റെ വെളിച്ചത്തിൽ കർഷക ക്ഷേമനിധി ബോർഡ് രൂപവൽക്കരിച്ചു. കേരള കർഷക ക്ഷേമനിധി ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ രൂപീകരിച്ച് 2021 ഫെബ്രുവരി 26 ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി ചട്ടങ്ങൾ എന്നുമുതൽ പ്രാബല്യമുണ്ടാകുമെന്ന് നിശ്ചയിച്ച് ഇതേവരെ ഉത്തരവായിട്ടില്ല. 2021 ഡിസംബർ മുതൽ C-dit രൂപകൽപന ചെയ്ത ഒരു സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി അംഗങ്ങളിൽ നിന്നും 2021 ഡിസംബർ മുതൽ അംശദായം സ്വീകരിച്ചു വരുന്നു. കർഷക ക്ഷേമനിധി ആക്ട് പ്രകാരം 5 വർഷം അംശദായം അടച്ച 60 വയസ്സ് പൂർത്തിയായവർക്ക് പെൻഷന് അർഹതയുണ്ട്. ബോർഡിൽ നിലവിൽ 12,000 ത്തോളം അംഗങ്ങൾ മാത്രമാണ് പൂർണമായും അംശദായം അടച്ചവരായിട്ടുള്ളത്. കർഷക ക്ഷേമനിധി ആക്ട് പ്രകാരം ഓരോ അംഗത്തിനും പ്രതിമാസം കുറഞ്ഞത് 100 രൂപ മുതൽ അടയ്ക്കാം. അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി സർക്കാർ പരമാവധി 250 രൂപ വരെ അംശദായ വിഹിതം അനുവദിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതേവരെ സർക്കാർ വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന് കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം ഉത്തരവുണ്ട്.

അതനുസരിച്ച് അംശദായം സ്വീകരിച്ചു തുടങ്ങി അഞ്ച് വർഷം പൂർത്തിയാകുന്ന 2026 ഡിസംബർ മുതലാണ് അർഹരായ കർഷകർക്ക് പെൻഷൻ അനുവദിക്കേണ്ടത്.

ആക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ള കുടുംബ പെൻഷനും, ചികിത്സാ സഹായവും, പ്രസവ സംബന്ധമായ ആനുകൂല്യങ്ങളും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള പദ്ധതി സർക്കാർ ഇതുവരെ

അംഗീകരിച്ചിട്ടില്ലാത്തതിനാൽ ബോർഡിൽ നിന്നും നിലവിൽ കർഷകർക്ക് ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

**(ബി)** 2021ൽ പ്രവർത്തനമാരംഭിച്ച ക്ഷേമനിധി ബോർഡിലേക്ക് ക്ഷേമനിധി വിഹിതമായി കർഷകർ അടച്ച തുകയ്ക്ക് തുല്യമായി സർക്കാർ വിഹിതമായി മുൻ സർക്കാർ എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ക്ഷേമനിധി വിഹിതമായി കർഷകർ അടച്ച തുകയ്ക്ക് തുല്യമായി സർക്കാർ വിഹിതമായി മുൻ സർക്കാർ തുകയൊന്നും നൽകിയിട്ടില്ല. പ്രസ്തുത ഇനത്തിൽ നാളിതുവരെയുള്ള തുക കുടിശ്ശികയാണ്. ആയതിന്റെ വിവരങ്ങൾ **അനുബന്ധം – 1** ആയി ചേർക്കുന്നു.

**(സി)** ബോർഡിൽ നിന്നുള്ള പെൻഷൻ, ചികിത്സയ്ക്കും വിവാഹത്തിനും വിദ്യാഭ്യാസത്തിനുമുള്ള സഹായങ്ങൾ, മരണാനന്തര സഹായങ്ങൾ തുടങ്ങിയവ എന്നുമുതലാണ് വിതരണം ചെയ്തു തുടങ്ങേണ്ടത്; ഇതിനായി പ്രതിമാസം എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ബോർഡ് നടപ്പാക്കേണ്ട പെൻഷൻ പദ്ധതിയുടെയും നൽകേണ്ട മറ്റ് അനുകൂല്യങ്ങളെയും സംബന്ധിച്ച മാർഗ്ഗരേഖ / പദ്ധതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് 2021 ൽ സമർപ്പിച്ചിരുന്നുവെങ്കിലും മുൻ സർക്കാർ പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ചില്ല. പദ്ധതി മാർഗ്ഗരേഖ അംഗീകരിക്കാതിരുന്നതിനാൽ പദ്ധതി പ്രകാരം പെൻഷൻ എങ്ങനെയാണ് കണക്കാക്കേണ്ടത് എന്നതിലും ആക്ട് വിഭാവനം ചെയ്യുന്ന മറ്റ് ആനുകൂല്യങ്ങൾ എങ്ങനെ, എന്നു മുതൽ നൽകും എന്നതിലും തീരുമാനമായിട്ടില്ല. ആയതിനാൽ തന്നെ പെൻഷൻ/ ചികിത്സാ/വിവാഹ/ വിദ്യാഭ്യാസ/ മരണാനന്തര സഹായങ്ങൾ എന്നിവയ്ക്ക് പ്രതിമാസം എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കുവാൻ സാധിച്ചിട്ടില്ല. ആക്ട് പ്രകാരം 5 വർഷം അംശദായം അടച്ച 60 വയസ്സ് പൂർത്തിയാകുന്നവർക്ക് പെൻഷൻ നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ 2026 ഡിസംബർ മുതൽ ഇത്തരത്തിൽ അംശദായം അടച്ച 2000 ത്തിലധികം പേർക്ക് പെൻഷൻ നൽകേണ്ട സാഹചര്യമുണ്ട്.

**(ഡി)** കർഷക ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കൂടുതൽ കർഷകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനും അംഗങ്ങളായ കർഷകർ അടച്ച തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതത്തിലെ കുടിശിക തീർത്തും ബോർഡിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കർഷക ക്ഷേമനിധി ബോർഡിൽ കൂടുതൽ കർഷകരെ അംഗങ്ങളാക്കുന്നതിനായി വിവിധ തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ, അംഗത്വ രജിസ്ട്രേഷൻ ക്യാമ്പയിനുകൾ, വിവിധ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ, കൃഷിവകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥർ, കൃഷിഭവനുകൾ, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ അർഹരായ കർഷകരെ ക്ഷേമനിധി അംഗത്വത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അംഗങ്ങളായ കർഷകർ അടയ്ക്കുന്ന അംശദായത്തിന് തുല്യമായ സർക്കാർ വിഹിതം അനുവദിക്കുന്നതിന് പദ്ധതിക്ക് സർക്കാർ തലത്തിൽ അംഗീകാരം ലഭിക്കേണ്ടതുണ്ട്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ദീർഘകാല

സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും ആവശ്യമായ ഭരണപരവും സാമ്പത്തികവുമായ പിന്തുണ സർക്കാർ തലത്തിൽ അനിവാര്യമാണ്.

കർഷക ക്ഷേമനിധി നിയമപ്രകാരം നടപ്പിലാക്കേണ്ട പെൻഷൻ പദ്ധതിയുടെയും മറ്റ് ക്ഷേമാനുകൂല്യങ്ങളുടെയും നടത്തിപ്പിനാവശ്യമായ വിശദമായ പദ്ധതി മാർഗ്ഗരേഖ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ 2021-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയ്ക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ഇതുമൂലം പെൻഷൻ കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, ആനുകൂല്യങ്ങളുടെ സ്വഭാവവും നിരക്കും, അവ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ആക്ട് വിഭാവനം ചെയ്യുന്ന മറ്റ് ക്ഷേമാനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവയിൽ വ്യക്തത കൈവന്നിട്ടില്ല. അതിനാൽ, പദ്ധതി പൂർണതോതിൽ നടപ്പിലാക്കുന്നതിനും സർക്കാർ വിഹിതം അനുവദിക്കുന്നതിനും ആവശ്യമായ സർക്കാർ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – 1**

| Sl no. | Financial year | Membership Subscription amount | Subscription amount | Matching contribution to be obtained from state as on 23.06.2026 |
|---|---|---|---|---|
| 1. | 2021-22 | 4617 | 1488050 | 1076400 |
| 2. | 2022-23 | 5143 | 12141383 | 9984933 |
| 3. | 2023-24 | 1810 | 12963801 | 10780251 |
| 4. | 2024-25 | 326 | 11988253 | 9851053 |
| 5. | 2025-26 | 345 | 10619000 | 8036500 |
| 6. | 2026-27 as on 23-06-2026 | 8 | 2645700 | 1940550 |
| | **Total** | **12249** | **51846187** | **41669687** |